# ഇടുക്കിയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി അവതാളത്തിൽ

വിൻസെൻറ് കട്ടപ്പന

ഇടുക്കി : സാധാരണക്കാർക്കും നിർധനരായവർക്കും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ജില്ലയിൽ അട്ടിമറിക്കപ്പെടുന്നു. ഇതിന്റെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ ആശുപത്രികൾ ഇൻഷുറൻസ് കാർഡുമായി എത്തുന്നവരെ പരിഗണിക്കാത്തതാണ് ഇതിന് കാരണം.

പിന്നോക്ക ജില്ലയായ ഇടുക്കിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലുമാണ് ആരോഗ്യ ഇൻഷുറൻസ് കാർഡിന്റെ ആനുകൂല്യത്തിൽ സൗജന്യ ചികിത്സ നൽകേണ്ടത്. ഇങ്ങനെ ചിലവഴിക്കുന്ന ഫണ്ട് ഇൻഷുറൻസ് കമ്പനിയും തൊഴിൽ വകുപ്പും ആശുപത്രിക്ക് കൈമാറുകയും ചെയ്യും. ആരോഗ്യഇൻഷുറൻസ് എടുത്ത കുടുംബങ്ങൾക്ക് പരമാവധി 30000 രൂപയാണ് നൽകുക. ഒരു വർഷം ഒരു കുടുംബത്തിൽ നിന്നും പ്രീമിയം തുകയായി ബി പി എൽ വിഭാഗത്തിൽപെട്ടവരിൽ നിന്ന് 30 രൂപയും എ പി എൽ വിഭാഗത്തിൽ നിന്ന് 499 രൂപയും ഈടാക്കും. ഒരു കുടുംബത്തിൽ നിന്ന് പരമാവധി അഞ്ച് അംഗങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളു.

പദ്ധതി തുടങ്ങി ഒരു വർഷം പിന്നിടുമ്പോൾ ചികിത്സ നൽകിയിരുന്ന സ്വകാര്യ ആശുപത്രികളിൽ ഭൂരിഭാഗവും പിൻമാറിയിട്ടുണ്ട്. ഇതിനായി ചിലവഴിച്ച ലക്ഷക്കണക്കിന് രൂപ കിട്ടാത്തതാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. എന്നാൽ വിദഗ്ധ ചികിത്സയ്ക്ക് സൗകര്യങ്ങൾ ഇല്ലാത്ത ഇടുക്കിയിലെ ആശുപത്രികൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചികിത്സയ്ക്ക് എത്തിയവർക്കെല്ലാം 25000 രൂപയ്ക്കാണ് ബിൽ നൽകിയിരിക്കുന്നത്.




ഇതിൽ സംശയമുള്ളതാണ് ഇൻഷുറൻസ് കമ്പനിയെ പണം നൽകുന്നതിൽ നിന്നും അകറ്റിനിർത്തിയിരിക്കുന്നതെന്നാണ് അറിയുന്നത്. സർക്കാർ ആശുപത്രിയിൽ കാർഡില്ലാതെ തന്നെ ചികിത്സ ലഭിക്കുമെന്നതിനാൽ ഭൂരിഭാഗം രോഗികളും സ്വകാര്യ ആശുപത്രികളെയാണ് സമീപിച്ചിരുന്നത്. എന്നാൽ വൻ ബാദ്ധ്യത ചൂണ്ടിക്കാട്ടി രോഗികളെ മടക്കിവിടുമ്പോൾ പദ്ധതി നടപ്പിലാക്കിയവർ ഇപ്പോൾ മൗനം പാലിക്കുകയാണ് ചെയ്യുന്നത്.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

കട്ടപ്പന : വ്യവസായ വകുപ്പിന്റെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് ലഭിച്ച മാർജിൻ മണി വായ്പയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ തീർക്കാൻ മാർച്ച് 31 വരെ സൗകര്യമുണ്ടാകുമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചു. വായ്പ കരാറനുസരിച്ച് തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകൾക്ക് മാത്രമാണ് പദ്ധതി ബാധകമായിട്ടുള്ളത്.

വായ്പ വാങ്ങിയ സംരംഭകൻ മരിക്കുകയും സ്ഥാപനം നിന്നു പോവുകയും സ്ഥാപനത്തിന്റെ ആസ്തികൾ നിലവിലില്ലാതിരിക്കുകയും ചെയ്ത കേസുകളിൽ മുതലും പലിശയും പിഴപ്പലിശയും എഴുതി തള്ളും. ഇതിനായി സംരംഭകന്റെ അവകാശികൾക്ക് അപേക്ഷിക്കാം.

സംരംഭകൻ ജീവിച്ചിരുപ്പുണ്ടെങ്കിൽ മുതൽ ഒറ്റത്തവണയായി തിരിച്ചടച്ചാൽ പലിശയും പിഴപ്പലിശയും എഴുതി തള്ളും. സംരക്ഷകൻ മരണപ്പെടുകയും സ്ഥാപനം പ്രവർത്തിക്കുകയും ചെയ്യുന്ന കേസുകളിൽ പലിശയുടെയും പിഴപ്പലിശയുടെയും 50 ശതമാനം എഴുതിതള്ളും.

കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി നഷ്ടത്തിലോടുന്ന സ്ഥാപനങ്ങൾ അവരുടെ നെറ്റ് വർത്ത് നെഗറ്റീവ് ആണെങ്കിൽ 50 ശതമാനം പലിശയും പിഴപ്പലിശയും എഴുതിത്തള്ളും. പീഡിത വ്യവസായ പദ്ധതി പ്രകാരം പുനരുദ്ധാരണത്തിനായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് പ്രത്യേക സ്കീം അനുവദിച്ചിട്ടുണ്ട്. അവർ മുതലിന്റെ 50 ശതമാനം ഒരു വർഷത്തിനകം മൂന്ന് ഗഡുക്കളായി അടയ്ക്കുകയാണെങ്കിൽ ബാക്കി തുക അടക്കുന്നതിന് രണ്ടു വർഷം സാവകാശം നല്കും. പലിശയും പിഴപ്പലിശയും എഴുതിത്തള്ളും. സമയബന്ധിതമായി തുക അടക്കുന്നില്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം നഷ്ടപ്പെടും. പുനരുദ്ധാരണ സാദ്ധ്യതയില്ലാത്തതും പൂട്ടിക്കിടക്കുന്നതുമായ സ്ഥാപനങ്ങൾക്ക് പലിശയും പിഴപ്പലിശയും 50 ശതമാനം ഇളവ് നല്കും. അടച്ചു തീർക്കാത്ത കേസുകൾ 2012 മാർച്ച് മാസം 31 നു ശേഷം റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ ചെയ്യുമെന്ന് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04862235507, 235410 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.



കെ. പി. എം. എസ്. കോതമംഗലം താലൂക്ക് സമ്മേളനം സംസ്ഥാന രക്ഷാധികാരി പുന്നല ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## വ്യാജ നോട്ടീസ് ഇറക്കിയ പഞ്ചായത്ത് പ്രസിഡന്റിനെ പുറത്താക്കണം

ആലുവ : ഇല്ലാത്ത മണ്ഡലം പ്രസിഡന്റിന്റെ പേരിൽ വ്യാജ നോട്ടീസ് ഇറക്കിയ എടത്തല പഞ്ചായത്ത് പ്രസിഡന്റ് എം. എ. എം. മുനീറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് നിലവിലെ മണ്ഡലം പ്രസിഡന്റ് സി. യു. യൂസഫ് ജില്ലാ കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് വി. ജെ. പൗലോസിന് പരാതി നൽകി.

കോൺഗ്രസ് സമ്പൂർണ്ണ സമ്മേളനത്തിന്റെ ഭാഗമായി വിളിച്ചിരിക്കുന്ന മണ്ഡലം പ്രവർത്തക യോഗത്തിന്റെ നോട്ടീസിലാണ് മുൻ മണ്ഡലം പ്രസിഡന്റായ എ. മുഹമ്മദാലിയെ ഇപ്പോഴത്തെ മണ്ഡലം പ്രസിഡന്റായി ചിത്രീകരിച്ചിരിക്കുന്നത്. നിലവിലുള്ള മണ്ഡലം പ്രസിഡന്റോ കമ്മിറ്റിയോ അറിയാതെ എടത്തല പഞ്ചായത്ത് പ്രസിഡന്റ് മുനീറാണ് നോട്ടീസ് ഇറക്കിയിരിക്കുന്നതെന്ന് ജില്ലാ നേതൃത്വത്തിന് നൽകിയ പരാതിയിൽ യൂസഫ് ആരോപിച്ചിരിക്കുന്നു. കൂടാതെ ഇത്തരത്തിൽ വ്യാജ നോട്ടീസ് അടിച്ചവരെ നിയമപരമായി ശിക്ഷിക്കുന്നതിന് പൊലീസിൽ പരാതി നൽകണമെന്നും ജില്ലാ പ്രസിഡന്റിന് ഉള്ള പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നോട്ടീസടിക്കാൻ പഞ്ചായത്ത് പ്രസിഡന്റ് മുനീറാണ് തന്നെ ഏൽപ്പിച്ചതെന്ന് നോട്ടീസ് പ്രിന്റ് ചെയ്ത പ്രസിന്റെ ഉടമ പറഞ്ഞതായി പരാതിയിൽ കാണിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റിനെ കൂടാതെ നോട്ടീസ് വിതരണം നടത്തിയ ബ്ലോക്ക് സെക്രട്ടറി സി.എച്ച്. അബു, വാർഡ് പ്രസിഡന്റ് എം. ഐ. കുഞ്ഞു മുഹമ്മദ്, മുൻ മണ്ഡലം പ്രസിഡന്റ് എ. മുഹമ്മദാലി എന്നിവരെയും പാർട്ടിയിൽ നിന്ന് പുറത്താക്കണമെന്ന് പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പല ഗ്രൂപ്പിലും മാറി മാറി പ്രവർത്തിച്ച പ്രസിഡന്റ് എം. എ. എം. മുനീർ ഇപ്പോൾ എ വിഭാഗത്തിന്റെ കൂടെ ചേർന്നാണ് പ്രവർത്തിക്കുന്നത്.

## ഒരു മാസമായി ടെലിഫോണുകൾ നിശ്ചലം

നെടുമ്പാശ്ശേരി : ശ്രീമൂലനഗരം പഞ്ചായത്ത് ശ്രീഭൂതപുരം പ്രദേശത്തെ ടെലിഫോണുകൾ ഒരുമാസത്തോളമായി നിശ്ചലം.

ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻെറ കനാൽ നീട്ടുന്നതിനിടയിൽ ടെലിഫോൺ കേബിളുകൾ മുറിഞ്ഞുപോയതിനാലാണ് ഈ ഭാഗത്തെ ടെലിഫോണുകൾ നിശ്ചലമാകുവാൻ കാരണം. എന്നാൽ ഇത് നന്നാക്കി ഉപഭോകതാക്കൾക്ക് ടെലിഫോൺ സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നതിന് അധികൃതർ തയ്യാറാകുന്നില്ല. ടെലിഫോൺ കേബിളുകൾ മുറിച്ചുകളഞ്ഞത് ജലസേചന വകുപ്പായതുകൊണ്ട് ഇതിന് പരിഹാരം കണ്ടിട്ട് കേബിളുകൾ ശരിയാക്കാമെന്ന നിലപാടാണ് ടെലിഫോൺ അധികൃതരുടേത്. എന്നാൽ ഇതിന് മുൻകൈയെടുക്കേണ്ട പഞ്ചായത്ത് അധികൃതരാകട്ടെ ഇക്കാര്യത്തിൽ കടുത്ത നിസ്സംഗതയാണ് പുലർത്തുന്നത്. ടെലിഫോണുകൾ പ്രവർത്തിക്കാതായതോടെ ഈ പ്രദേശത്തുള്ള 100 കണക്കിന് ഉപഭോകതാക്കൾ പുറം ലോകവുമായി ബന്ധപ്പെടുവാൻ കഴിയാതെ വളരെയധികം ബുദ്ധിമുട്ടുകയാണ്. സംസ്ഥാനത്തിനു പുറത്തും വിദേശത്തും തൊഴിൽ ചെയ്യുന്നവർ തങ്ങളുടെ കുടുംബങ്ങളുമായി ബന്ധപ്പെടുന്നതിന് ഇതുമൂലം വലിയ പ്രയാസം നേരിടുന്നുണ്ട്. പലർക്കും വലിയ തുക ചെലവഴിച്ച് മൊബൈൽ ഫോണുകളേയും മറ്റും ആശ്രയിക്കേണ്ട ഗതികേടാണ് നിലവിലുള്ളത്.

ഫോണുകൾ തകരാറിലായതുമൂലം ഈ പ്രദേശത്തെ ഇൻറനെറ്റ് കണകഷനുകളും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണ്. ഉപയോഗിച്ചാലും ഇല്ലെങ്കിലും ടെലിഫോൺ വാടക കൊടുക്കേണ്ടതുള്ളതുകൊണ്ട് നോക്കുകുത്തിയായി മാറിയിട്ടുള്ള ടെലിഫോണിനും വെറുതെ വാടക കൊടുക്കേണ്ട സ്ഥിതിയാണ് ഈ പ്രദേശത്തുള്ളവർക്ക്.

ലൈസൻസ് വേണ്ട
AIR - PISTOL / RIFILE
• For Caliber 0.177BBs
• 18 Shot Magazine
• BBs Re-usable

എല്ലാവിധ തോക്കുകളും വാങ്ങുവാനും വിൽക്കുവാനും റിപ്പയറിംഗിനും
COCHIN ARMOURY
Shenoy's Jn. Near Opto Lab
Narakathara Road, Ernakulam
Ph : 0484- 2371598, 2353589
Stockist Cochin Air Gun
0484- 3228069

കഷണ്ടിക്കൊരു പ്രതിവിധി
കഷണ്ടിയിൽ മുടി പൊടിക്കുന്നു (40 വയസ്സിൽ താഴെ)
• താരൻ • മുടികൊഴിച്ചിൽ • സൈനസൈറ്റിസ് • കൊടിഞ്ഞി • ടോൺസിലൈറ്റിസ്, • ഉറക്കമില്ലായ്മ • അലർജി കൊണ്ടുണ്ടാകുന്ന തുമ്മൽ • തലയ്ക്കുണ്ടായ പഴയ ക്ഷതങ്ങൾ എന്നിവയ്ക്ക് ഫലപ്രദമായ പ്രതിവിധി.
പ്രമുഖ ഇംഗ്ലീഷ്, ആയുർവ്വേദ,ഹോമിയോ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമാണ്.
100% HERBAL
Anantha
SPECIAL HAIR CARE OIL
മുടിസംബന്ധമായ സംശയങ്ങൾക്ക് വിളിക്കുക.
ഡോ. അനിൽകുമാർ റ്റി.പി, MD
മൊബൈൽ : 98469 79555 അനന്തപുരി ഹെർബൽസ്
www.baldnesscureananthaoil.com

ഒരു കുഞ്ഞിക്കാൽ കാണാൻ

കുട്ടികൾ ഇല്ലാത്ത, രണ്ടാമതൊന്നിനായി കാത്തിരിക്കുന്ന ദമ്പതികൾക്ക് മൂന്ന് മാസം മുതൽ ഒരു വർഷത്തെ, ഏറ്റവും ചെലവ് കുറഞ്ഞ പാർശ്വഫലങ്ങളില്ലാത്ത ഹോമിയോ ചികിത്സ. രോഗം ഏതുമായിക്കൊള്ളട്ടെ.
ഡോ.നൂറനാട് രാജൻ, ഡോ.രേണു പി. രാജൻ B.H.M.S
H.O.സി.ബി.എം. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, മാമ്മൂട് ജംഗ്ഷൻ, നൂറനാട്.
ബ്രാഞ്ചുകൾ : എറണാകുളം, പുല്ലേപ്പടി കൃഷ്ണസ്വാമി ലെയിൻ .
: തിരുവനന്തപുരം: വെഞ്ഞാറംമൂട്, വൈഢ്യേറ്റ് Jn.
: കണ്ണൂർ: താഴെ ചൊവ്വ ജംഗ്ഷൻ
: മലപ്പുറം: കോട്ടയ്ക്കൽ ബസ്റ്റാന്റ്
കൺസൽട്ടിംഗ് സമയം: രാവിലെ 9 മുതൽ വൈകിട്ട് 6 വരെ
9447349575 E-mail: drrajancbm@yahoo.com

ഇനിയെന്നും മധുവിധുകാലം...
പ്രായഭേദ്യമെന്യെ നിരവധി കാരണങ്ങളാൽ ദാമ്പത്യത്തിന്റെ അനുഭൂതികളെ കൈവിട്ടുപോയ ദമ്പതിമാർക്ക് പുത്തനുണർവ്വും അനുഭുതിയും പകർന്ന് നൽകുന്ന ശുദ്ധ ആയുർവ്വേദ ഔഷധമാണ് പ്രൈംഫിറ്റ് ക്യാപ്സൂൾസ്

സ്വർഗ്ഗീയമായ ആനന്ദനിർവൃതിക്ക് ഇനിയെന്തുവേണം...?
പ്രൈംഫിറ്റ്
എനർജൈസിംഗ് ക്യാപ്സൂൾസ്
സ്ത്രീകൾക്കും പുരുഷൻമാർക്കും
GMP Certified
100% ആയുർവ്വേദിക് Customer Care No. 9037376682
പാർശ്വഫലങ്ങളില്ല പ്രമുഖ മരുന്ന് കടകളിൽ ലഭിക്കുന്നു.